**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗവ്യാപന പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എൻ.കെ. അക്ബർ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രോഗവ്യാപനം സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം കുറയ്ക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കോവിഡ് വ്യാപനം സംസ്ഥാനത്തുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു. 1. രോഗമുള്ളവരെയെല്ലാം കണ്ടെത്തി ചികിത്സിക്കാനായി ടെസ്റ്റിംഗ്, ട്രാക്കിങ്, ട്രീറ്റ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. 2. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയതുകൊണ്ട് ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ഐ.സി.യു സൗകര്യങ്ങൾ തുടങ്ങിയവ ശക്തിപ്പെടുത്തിയിട്ടുണ്ട്. 3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെയും സി.എഫ്.എൽ.റ്റി.സി കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ-തലത്തിലുള്ള DPMSU (District Project Management Support Unit) കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്കു ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. നിലവിൽ (2/6/2021) സംസ്ഥാനത്ത് ആകെ 154 CFLTC കളും 95 CSLTC കളും 778 DCC കളും 1183 (as on 28.05.2021) post covid ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നു. 4. ഓക്സിജന്റെ ആവശ്യകത കൂടുന്നതുകൊണ്ട് അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ്ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ ലഭ്യമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുവരുകയാണ്. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക് സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാനതലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു. 6. കോവിഡ് |

ചികിത്സയ്ക്കാവശ്യമായ വിവിധ തരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ മുഖേന മുടക്കം കൂടാതെ ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 7. കോവിഡിന്റെ സങ്കീർണ്ണതയായി കണ്ടുവരുന്ന മ്യൂക്കർമൈക്കോസിസിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളും മരുന്നുകളും കൂടുതൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശീലന പ്രവർത്തനങ്ങൾ തുടർന്ന് വരുന്നുണ്ട്. 8. കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡുകൾ സ്വകാര്യ ആശുപത്രികളിലുൾപ്പെടെ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു. 9. പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ചികിത്സ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. 10. ലോക്ക്ഡൗൺ, ട്രിപ്പിൾ ലോക്ക്ഡൗൺ, കണ്ടയിൻമെന്റ് സോണുകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം എന്നിവ വഴി രോഗവ്യാപനം കൂടുതലുള്ള പ്രദേശങ്ങളിൽ പ്രത്യേക പ്രവർത്തനം നടത്തുന്നു. ഇതിനായി പോലീസിന്റെയും ഇതര വകുപ്പുകളുടെയും സഹകരണം ലഭ്യമാണ്. 11. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും, വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുന്നു. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ-ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 12. സംസ്ഥാനതല വിദഗ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർതലത്തിൽ എടുത്ത് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. 13. ബഹു. കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെയും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകനയോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. 14. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തികൊണ്ടും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലാണ് സംസ്ഥാനത്ത് കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത്. 15. 2021 ജനുവരി 16 മുതൽ സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടപ്പാക്കി വരുന്നു. കേന്ദ്ര സർക്കാർ നൽകുന്ന വാക്സിൻ 45 വയസ്സിനു

| | | | |
|---|---|---|---|
| | | | മുകളിലുള്ളവർക്കും ആരോഗ്യ പ്രവർത്തകർക്കും കേന്ദ്ര ഗവൺമെന്റ് നൽകിയ മുൻഗണനാ വിഭാഗത്തിലുള്ള മുൻനിര പ്രവർത്തകർക്കും നൽകുന്നു. സംസ്ഥാന സർക്കാർ വാങ്ങിയ വാക്സിൻ ഉപയോഗിച്ച് 18 വയസ്സ് മുതൽ 45 വയസ്സ് വരെയുള്ള കേരള സർക്കാർ നിശ്ചയിച്ച മുൻഗണനാ വിഭാഗത്തിൽ ഉള്ളവർക്കും നൽകി വരുന്നു. |
| (ബി) | കോവിഡ് വാക്സിൻ നൽകുന്നതിനുള്ള മുൻഗണനാക്രമം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് വാക്സിൻ തുടക്കം മുതൽ (2021 ജനുവരി 16 മുതൽ) നൽകുന്നത് കേന്ദ്ര സർക്കാരാണ്. തുടക്കത്തിൽ ആരോഗ്യ മേഖലയിൽ പ്രർത്തിക്കുന്നവർക്കാണ് വാക്സിൻ നൽകിയത്. അതിന് ശേഷം മുന്നണി പോരാളികൾക്ക് (പോലീസ്, തദ്ദേശ സ്വയംഭരണം, റവന്യൂ) ഫെബ്രുവരി 11 മുതലാണ് വാക്സിൻ നൽകിയത്. അടുത്ത ഘട്ടമായി മാർച്ച് 1 മുതൽ, 60 വയസ്സ് കഴിഞ്ഞവർക്കും, മറ്റ് അനുബന്ധരോഗങ്ങൾ ഉള്ള 45 വയസ്സിന് മുകളിലുള്ളവർക്കും നൽകി തുടങ്ങി. ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകി തുടങ്ങി. ഇത്രയും ജനങ്ങൾക്കുള്ള വാക്സിൻ കേന്ദ്ര സർക്കാർ സൗജന്യമായി എല്ലാ സംസ്ഥാനങ്ങൾക്കും നൽകി വരുന്നു. വാക്സിൻ വിതരണം ഓരോ age group നും ഓരോ സംസ്ഥാനത്തിന്റെ ടി age group ലെ അർഹരായ ജനസംഖ്യയുടെ എണ്ണത്തിനനുസരിച്ചാണ് കേന്ദ്ര സർക്കാർ വാക്സിൻ നൽകി വരുന്നത്. ഇത് പ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യത അനുസരിച്ച് കേന്ദ്ര സർക്കാർ നൽകി വരുന്നു. ഇത്വഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യത അനുസരിച്ചും നൽകി വരുന്നു. 18 - 44 വയസ്സ് വരെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരിൽ കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 19/05/2021 ലെ സർക്കാർ ഉത്തരവ് GO (Rt) നമ്പർ 1102/ 2021 / H&FWD പ്രകാരം 32 വിഭാഗങ്ങളിലെ 18-44 വയസ്സിനിടയിലുള്ളവരെ മുൻനിര പോരാളികളായി കണക്കാക്കി മുൻഗണനവിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 24/5/2021 ലെ സർക്കാർ ഉത്തരവ് GO (Rt) നമ്പർ 1114/ |

| | | | |
|---|---|---|---|
| | | | 2021 / H&FWD പ്രകാരം 11 വിഭാഗങ്ങളെ കൂടി ഇത്തരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് 2/6/2021 ലെ സർക്കാർ ഉത്തരവ് G.O (Rt) നമ്പർ 1179/2021 / H&FWD പ്രകാരം, 13 വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ 18 - 44 പ്രായപരിധിയിലുള്ള അനുബന്ധ രോഗമുള്ളവർക്കും സർക്കാർ ചെലവിൽ വാക്സിൻ സൗജന്യമായി നൽകി വരുന്നു. കേരള സർക്കാരിന്റെ തീരുമാന പ്രകാരം കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണി പ്പോരാളികളായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. നാളിതുവരെ 56 വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന് അർഹമായ വാക്സിൻ കേന്ദ്രസർക്കാർ അനുവദിയ്ക്കാതിരിക്കുന്നത് വാക്സിനേഷൻ നടപടിയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | കേന്ദ്ര സർക്കാർ 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ വിതരണം ചെയ്യുന്നത് ഓരോ age group നും ഓരോ സംസ്ഥാനത്തിന്റെ ആവശ്യകത അനുസരിച്ചാണ്. ഇത് പ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യത അനുസരിച്ച് കേന്ദ്ര സർക്കാർ നൽകി വരുന്നു. ഇത്വഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യത അനുസരിച്ചും നൽകി വരുന്നു. ലഭ്യമായ വാക്സിനുകൾ സംസ്ഥാനത്ത് സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി ഫലപ്രദമായി നൽകി വരുന്നു. കൂടാതെ 18 മുതൽ 44 വയസ്സ് വരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ ഇതുവരെ (03.06.2021) 8,84,290 ഡോസുകൾ ലഭിച്ചു.വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തിന് അർഹമായ വാക്സിൻ സൗജന്യമായി നൽകണമെന്ന് കേന്ദ്ര | (ഡി) | ആവശ്യപ്പെട്ടിട്ടുണ്ട്. 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. |

| | | | |
|---|---|---|---|
| | സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | | സംസ്ഥാനത്ത് തുടക്കത്തിൽ 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചെങ്കിലും വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിക്കുകയുണ്ടായി. 03/06/2021 വരെ കേന്ദ്രം 95,29,330 ഡോസ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശ്യത്തോടു കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വാക്സിൻ | ഓഡർ നൽകിയത് | ലഭിച്ച വാക്സിൻ |
|---|---|---|
| കോവിഷീൽഡ് (സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ) | 7000000 | 746710 |
| കോവാക് സിൻ (ഭാരത് ബയോടെക്) | 3000000 | 137580 |
| ആകെ | **1,00,00,000** | **8,84,290** |